# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2937 — 19.06.2014-ൽ മറുപടിക്ക്**

**<u>നാഷണൽ ഹൈവേ വികസനത്തിനായി ഏറ്റെടുത്തതും ഇതേവരെ ഉപയോഗപ്പെടുത്താത്തതുമായ ഭൂമിയുടെ വിവരങ്ങൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>" എം.ഉമ്മർ<br>" പി.കെ. ബഷീർ<br>" പി.ബി.അബ്ദുൾ റസാക് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) നാഷണൽ ഹൈവേ വികസനത്തിനു വേണ്ടി ഏറ്റെടുത്ത ഭൂമി നിർദ്ദിഷ്ടാവശ്യത്തിന് ഉപയോഗപ്പെടുത്താത്തതു മൂലം, അതിന്റെ പലഭാഗങ്ങളും കൈയ്യേറി കച്ചവട സ്ഥാപനങ്ങൾ, പാർട്ടി ഓഫീസുകൾ, ആരാധനാ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ച് കൈവശപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചു വരികയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ദേശീയപാതയുടെ അധീനതയിൽപ്പെട്ട ഭൂമികളിൽ കൈയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കൈയ്യേറ്റക്കാരന് നോട്ടീസ് നൽകുകയും, കൈയ്യേറ്റങ്ങൾ സ്വയമേ ഒഴിയാത്ത പക്ഷം പോലീസ് സഹായത്തോടെ ഒഴിപ്പിക്കുകയും ചെയ്യാറുണ്ട്. |
| (ബി) വികസനാവശ്യത്തിന് അക്വയർ ചെയ്തതും ഇതേവരെ ഉപയോഗപ്പെടുത്താത്തതും, ആയ എത്ര ഭൂമി, ഓരോ നാഷണൽ ഹൈവേയോടു ചേർന്നും ലഭ്യമാണെന്നതിന്റെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ; | (ബി) ദേശീയപാത 17 ന്റേയും 47 ന്റേയും വികസനത്തിന് 45 മീറ്റർ വീതിയിലാണ് സ്ഥലം ആവശ്യം. ഇതിൽ എൻ.എച്ച് 47 ൽ വാളയാർ മുതൽ ഇടപ്പള്ളി വരെയും മറ്റു ചില ബൈപ്പാസുകൾക്കും ഒഴികെ 45 മീറ്ററിൽ ഇതുവരെ സ്ഥലം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലെ ഹൈവേ വികസനം 45 മീറ്റർ ROW യിൽ പൂർത്തിയാക്കാൻ ദേശീയപാതാ വികസന അതോറിറ്റിയെയാണ് ഏർപ്പെടുത്തിയിരുന്നത്. എൻ.എച്ച്.എ.ഐ ഏറ്റെടുത്തിരുന്നതും എന്നാൽ വികസനം നടത്താത്തതുമായ സ്ഥലത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. |

1. എൻ.എച്ച്.47-ചേർത്തല-ഓച്ചിറ-കഴക്കൂട്ടം-എൻ.എച്ച്.എ.ഐ സ്ഥലം അക്വയർ ചെയ്തിട്ടില്ല.
2. എൻ.എച്ച്.17 തലപ്പാടി-കണ്ണൂർ സ്ഥലം അക്വയർ ചെയ്തിട്ടില്ല.
3. കണ്ണൂർ - വെങ്ങളം - 8.77 ഹെക്ടർ സ്ഥലം അക്വയർ ചെയ്തു. വികസനം നടപ്പിലാക്കിയിട്ടില്ല.
4. വെങ്ങളം-കുറ്റിപ്പുറം-ഇടപ്പള്ളി റീച്ചിൽ മുത്തകുന്നം മുതൽ മഞ്ഞുമ്മൽ വരെ 29.01 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

കോഴിക്കോട്, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ബൈപ്പാസുകൾക്കായി സ്ഥലം ഏറ്റെടുത്ത ഭാഗങ്ങളിൽ നിർമ്മാണത്തിന് നടപടി എടുത്തു വരുന്നു.

(സി) എൻ.എച്ച്-കൾ നവീകരിച്ച് വികസിപ്പിക്കുമ്പോൾ, ഉപേക്ഷിക്കപ്പെടുന്ന പഴയറോഡിന്റെ ഭാഗങ്ങൾ ഏതുതരത്തിലാണ് വിനിയോഗിക്കാറുള്ളത് എന്നതു സംബന്ധിച്ച് വിശദമാക്കുമോ?

(സി) ഉപേക്ഷിക്കപ്പെടുന്ന പഴയ റോഡിന്റെ ഭാഗങ്ങൾ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന് കൈമാറുകയോ, വികസനത്തിന് ഉപയോഗപ്പെടുത്താത്ത ഭാഗങ്ങൾ Ox-bow ലാന്റായി മാറ്റുകയോ ആണ് പതിവ്. Ox-bow ലാന്റ് വികസനത്തിനായുള്ള പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ